**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **20-06-2024 - ൽ മറുപടിയ്ക്ക്**

**വൃദ്ധസദനം നിർമ്മിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ മുളക്കുളം ഗ്രാമപഞ്ചായത്തിലെ കാരിക്കോട് കരയിൽ പഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് കോട്ടയം ജില്ലാ വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 2023-24 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ) 37 -ാമത്തെ ഇനമായി സാമൂഹ്യനീതി വകുപ്പ് മുഖേന കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളം കാരിക്കോട് നിർമ്മാണം രണ്ടാം ഘട്ട പദ്ധതിയ്ക്കായി തുക വകയിരുത്തിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 300 ലക്ഷം രൂപയിൽ 60 ലക്ഷം രൂപയാണ് പ്രസ്തുത സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും, പ്ലാനും ബാരിയർ ഫ്രീ കൺസൾട്ടൺസി സെൽ മുഖേന ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തുകയും പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിന്റെ മുന്നോടിയായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തുന്നതിലേയ്ക്കായി 3,90,000/- രൂപ അനുവദിച്ചിരുന്നു.സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന് രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും പ്ലാനും പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തുകയും പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും | (ബി) | ബാരിയർ ഫ്രീ കൺസൾട്ടൺസി സെൽ മുഖേന അക്സസ് ഓഡിറ്റ് നടത്തി വിശദമായ റിപ്പോർട്ടും പ്ലാനും തയ്യാറാക്കിയിരുന്നു. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിട്ടിയതിന് ശേഷം മാത്രമേ ഫൗണ്ടേഷൻ ഡീറ്റെയിൽസ് അനുസരിച്ച് ഉള്ള ഭേദഗതികൾ പ്ലാനിൽ വരുത്തുന്നതിന് |

| | | | |
|---|---|---|---|
| | ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | | സാധിയ്ക്കുകയുള്ളുവെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടിവ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ എന്തെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് സാമൂഹ്യനീതി വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ബാരിയർ ഫ്രീ കൺസൾട്ടൺസി സെൽ മുഖേന തയ്യാറാക്കിയ പ്ലാൻ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തികരിയ്ക്കുന്ന മുറയ്ക്ക് അക്സസ് ഓഡിറ്റ് പ്രകാരം തയ്യാറാക്കിയ പ്ലാനിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിയ്ക്കാവുന്നതുമാണ്. |
| (ഡി) | ഇതു സംബന്ധിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ. യുടെ സാന്നിധ്യത്തിൽ ഇരു വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബഹു.എം എൽ എ യുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യനീതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ബാരിയർ ഫ്രി കൺസൾട്ടൺസി സെൽ എന്നിവരുമായി മീറ്റിംഗ് നടത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ഇ) | കോട്ടയം ജില്ലാ വൃദ്ധസദനം കടുത്തുരുതിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ? | (ഇ) | നിലവിൽ കോട്ടയം ജില്ലയിലെ തിരുവഞ്ചൂരിലാണ് വകുപ്പിന് കീഴിലുള്ള വൃദ്ധസദനം പ്രവർത്തിച്ചു വരുന്നത്. മുളകുളത്തെ സ്ഥാപനം അടിയന്തിരമായി പ്രവർത്തനമാരംഭിയ്ക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുഴൽകിണർ നിർമ്മാണം. പമ്പിംഗ് സ്കീം, ഇലക്ട്രിക്ക് കണക്ഷൻ, പെയിന്റിംഗ്, ക്ലീനിംഗ് വർക്കുകൾ, ചുറ്റുമതിൽ, വാട്ടർ ടാങ്ക്, മറ്റ് അറ്റകുറ്റപ്പണികൾ എന്നീ വർക്കുകൾ ഉൾപ്പെടുന്നു. പ്രസ്തുത വർക്കുകൾക്കായി ആകെ 7,60,903/-രൂപ 2023-24 സാമ്പത്തിക വർഷത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ 2235-02-001-96 (പി) ശീർഷകത്തിൽ നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിയ്ക്കുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ